## കഥ

## രമേശനും അമ്മയും

“രമേശൻനാടും വീടുംവിട്ട് അന്യദേശത്ത് വാടകയ്ക്ക് താമസിക്കുന്നു. അക്ഷരാർത്ഥത്തിൽ ഒരു ‘ലോക്കൽപ്രവാസി’ നാട്ടുകാരുടെ പരിചയക്കാരുടെ നോട്ടത്തിൽ രമേശന്റെ തോന്ന്യാസം. രമേശന്റെ അമ്മ ഭർത്താവ് മരിച്ചവർ. രമേശൻ അവരുടെ ഒറ്റമകൻ, ആണും, പെണ്ണുമായി ഏകസന്താനം. അങ്ങനെയുള്ള രമേശൻ, അങ്ങനെയുള്ള അമ്മയെ ഒറ്റക്കാക്കി അകലെപോയി വാടകപാർക്കുന്നത് തെറ്റല്ലേ? വിധവയായ രമേശന്റെ അമ്മയ്ക്ക് വയസ്സുകാലത്ത് മകന്റെ സ്നേഹസാമീപ്യങ്ങൾ അത്യാവശ്യം അല്ലേ? അവർ നാട്ടുകാരും, പരിചയക്കാരും വിശിഷ്യാ രമേശന്റെ ബന്ധുക്കളും ചോദിക്കുന്നു.

‘ഒക്കെശരിയാണ്’. രമേശനും സമ്മതിക്കുന്നു. പക്ഷേ; തോന്ന്യാസമെന്ന് മാത്രം പറയരുത്. കുറ്റപ്പെടുത്തരുത്. തന്നിഷ്ടപ്രകാരം ജീവിക്കാനാണെങ്കിൽ പ്രായം 40 കഴിഞ്ഞിട്ടും ഒറ്റത്തടിയായി ജീവിക്കേണ്ടല്ലോ. ഒരുതരത്തിലുള്ള ബന്ധവും രമേശന് ഇതേവരെ ഇല്ല. അമ്മയോടുള്ള സ്നേഹം ഒഴികെ ഒറ്റയ്ക്ക് സുഖിക്കാൻ വേണ്ടിയല്ല, രമേശൻ വിദൂരദേശത്ത് വാടകവീട്ടിൽ താമസിക്കുന്നത്. വിഷയം ആദർശപരമാണ്.

അമ്മയ്ക്ക് കൂട്ടായി അമ്മയെ നോക്കാൻ അമ്മയുടെ കൂട്ടുകാരിയും, സമപ്രായ ക്കാരിയുമായ പാറുവമ്മയെ ഒരു വേലക്കാരിക്ക് കൊടുക്കാവുന്നതിലുമധികം വേതനം നൽകി പാർപ്പിച്ചിരിക്കുന്നത് സ്നേഹകുറവ് കൊണ്ടാണോ? പാറുവമ്മയെതന്നെ മറ്റൊരാൾ നോക്കി പരിപാലിക്കണമെന്നും, യഥാർത്ഥത്തിൽ രമേശന്റെ അമ്മയാണ് പാറുവമ്മയുടെ വേലക്കാരി ആയി ജോലി ചെയ്യുന്നതെന്നും അപഖ്യാതി പരത്തുന്നുണ്ട്. നാട്ടുക്കാരിലെ, ബന്ധുക്കളിലെ ചില സാമദ്രോഹികൾ. ചെവിക്ക് ലേശംപതം- കേൾവിക്കുറവുണ്ടെന്നതൊഴിച്ചാൽ പാറുവമ്മയ്ക്കൊരു കുഴപ്പവും ഇല്ല. പിന്നെ സമപ്രായക്കാരിയും, കൂട്ടുക്കാരിയും ഒക്കെ ആവുമ്പോൾ അവർക്ക് മിണ്ടിപ്പറഞ്ഞ് നേരം പോണതറിയുകയുമില്ല-

രമേശൻ ആശ്വാസം വിചാരിച്ചു. നാട്ടുകാരും, പരിചയക്കാരും, ബന്ധുക്കളും അത് സമ്മതിക്കുന്നില്ല. രമേശൻ സുഖിച്ച് ജീവിക്കാൻ അകലെ വീട് വാടകകെടുത്തിരിക്കുന്നു. മദിച്ചുജീവിക്കുന്നു അതാണവരുടെ ഭാഷ്യം. ക്ഷിപ്രകോപി ആയ മൂത്തമ്മാവൻ വാടകവീട്ടിൽ വന്ന് ബഹളം വെയ്ക്കുക കൂടി ഉണ്ടായി. ഒന്നാന്തരം ‘വെള്ളടിവീരൻ’ ആകയാൽ ‘ഒരുഫുള്ള്’ വാങ്ങിക്കൊടുത്ത് തണുപ്പിച്ചുവിട്ടു. രമേശൻ. ശുണ്ഠികയറിയാൽ ആളെ കയറിതല്ലുന്ന സ്വഭാവക്കാരനാണ് രമേശന്റെ മൂത്തമ്മാവൻ. അതിന്റെ സുഖവും, പാടും ഒരിക്കൽ രമേശൻ വലത് കവിള് കൊണ്ടനുഭവിച്ചതാണ്. അതിലൊന്നും രമേശന് വിഷമം ഇല്ല. പക്ഷേ...! മനസ്സാവാചാകർമ്മണാ താനറിയാത്ത കാര്യം പറഞ്ഞ് തെറ്റിദ്ധരിക്കണതിലാണ്, രമേശന് സങ്കടം!

യഥാർത്ഥത്തിൽ സുഖിക്കാൻ വേണ്ടിയല്ല രമേശൻ അമ്മയെ പിരിഞ്ഞ് താമസിക്കുന്നത്. അമ്മയെ പിരിഞ്ഞ് കഴിയുന്നതിന്റെ വേദന രമേശന് സഹിക്കാനേ,വയ്യ! സ്നേഹത്തിൻ മേലും കാപട്യമുഖംമൂടി അണിഞ്ഞ് ജീവിക്കുന്ന അനാദർശനിഷ്ഠരോട് അതൊന്നും പറഞ്ഞിട്ട് കാര്യമില്ല. ബോധ്യപ്പെടില്ല. അവർ രമേശന്റെ വിഷമം ഒരിക്കലും, ഒരു കാലത്തും തിരിച്ചറി യുകയില്ല.

രമേശൻ അമ്മയുടെ ഓർമ്മകളിൽ ജീവിക്കുന്നു. യഥാർത്ഥത്തിൽ തന്റെ ജീവിതത്തിന്റെ ഓക്സിജൻതന്നെ അമ്മയെപറ്റിയുള്ള സ്മൃതികളാണ്. എന്നിട്ടും, രമേശനായ താൻ അമ്മയെ വിട്ടു പിരിഞ്ഞ് വിദൂരദേശത്ത് വീട് വാടകയ്ക്കെടുത്ത് താമസിക്കുന്നു.

'ചൊല്ലുവിളിക്ക് വളർത്താത്തതിന്റെ കുഴപ്പമാണ്.'- രമേശന്റെ ബന്ധുക്കളും, നാട്ടുക്കാരുമായ സ്ത്രീജനം മൂക്കത്ത് വിരൽ വെച്ച് പരിതാപം ചൊല്ലുന്നു. എല്ലാം രമേശൻ അറിയുന്നുണ്ട്. എന്നാൽ ഒരക്ഷരം പ്രതികരിക്കാനില്ല. രമേശന് സ്നേഹം മറ്റുള്ളവർക്ക് മുമ്പിലെ പ്രദർശനവസ്തു അല്ല.

ആരെങ്കിലും അമ്മയെപറ്റി ചോദിച്ചാൽ മൗനം ചിരിച്ചൊഴിയും, രമേശൻ. വികാരങ്ങൾ പ്രദർശനത്തിന് കൊണ്ട്നടക്കുന്ന ചരക്കുവസ്തുക്കളെന്ന് നിനയ്ക്കുന്നവരോട് പറയാവതല്ല, തന്റെ വിചാരങ്ങൾ – രമേശൻ വിചാരപ്പെട്ടു. അതേസമയം 'എന്തുക്കൊണ്ട്, രമേശൻ അവിവാഹിതനായി തുടരുന്നു' എന്നു ചോദിച്ചാൽ രമേശൻ പറയും – എല്ലാം അമ്മയ്ക്ക്വേണ്ടി അമ്മയോടുള്ള സ്നേഹം ഭാര്യയ്ക്ക് പകുത്തുനൽകാൻ എനിക്ക് വയ്യ. അപ്പോഴാണ് പിന്നെന്തിനാ, രമേശാ താൻ അമ്മയെ വയസ്സ് കാലത്ത് തനിച്ചാക്കി വാടകവീട്ടിൽ താമസി ക്കുന്നത്? അതും അകലെ ദേശത്ത്? എന്ന ചോദ്യം വരിക. ബോധ്യപ്പെടാനിടയില്ലെന്നതിനാൽ രമേശൻ മൗനം മുഖം മൂടിയാക്കി ആ നിമിഷം സ്ഥലം കാലിയാക്കും. നെഞ്ചിലപ്പോൾ സ്മരണകൾ ഇരമ്പുന്നുണ്ടായിരിക്കും. മൗനം പുറമേയ്ക്ക് മാത്രമായിരിക്കും.

ചുട്ടുപൊള്ളുന്ന പകൽവെയിലിൽ നിഴൽത്തണുപ്പ് പോലെ രമേശന് അമ്മയോർമ്മകൾ. അവരമേശനെ നിസ്സഹായനാക്കുന്നു. കൊരവള്ളിയിൽ ചുറ്റിപ്പിണഞ്ഞ് ശ്വാസം മുട്ടിക്കുന്നു. കണ്ണുകളിൽ സന്ധ്യാവിഷാദം തളം കെട്ടിക്കുന്നു. തൊണ്ടക്കുഴിയിലോ, നിരന്തരഗദ്ഗദം!

'വേരുകളിൽ കെട്ടിയിടപ്പെട്ട ഒരു മരപ്പയ്യാണ് താൻ!'- രമേശൻ സങ്കടപ്പെട്ടു. കുട്ടിക്കാലം മുതൽക്കേ അങ്ങനെതന്നെ ആയിരുന്നു. രമേശൻ അമ്മയെപിരിഞ്ഞു കഴിഞ്ഞ ഓർമ്മയേ ഇല്ല. വെക്കേഷനുകളിൽ കുട്ടികൾ ബന്ധുവീടുകളിൽ ചേക്കേറുമ്പോൾ രമേശൻ വീട്ടിൽ അമ്മയുടെ സ്നേഹത്തടങ്കലിൽ! തള്ളക്കോഴിയുടെ ചിറകിൻക്കീഴിൽ മറ്റൊരുപിള്ളക്കോഴി, രമേശൻ! അമ്മയെ പിരിഞ്ഞിരിക്ക വയ്യായ്കയാൽ ടൂർ പ്രോഗ്രാമുകൾക്ക് പോയിട്ടേ ഇല്ല. രമേശൻ സ്കൂൾ വിട്ടാൽ വീട്. വീട് വിട്ടാൽ സ്കൂള്. രമേശന്റെ ബാല്യം അമ്മയുടെ സാരിത്തുമ്പിൽ കെട്ടിയിടപ്പെട്ടത്!

കോളേജ്പഠനകാലത്തും അങ്ങനെത്തന്നെ വീട് വിട്ടാൽ കോളേജ്. കോളേജ് വിട്ടാൽ വീട്. അമ്മയുടെ, കൺതുമ്പിൽ, കാൽക്കീഴിൽ തളം കെട്ടി വറ്റിത്തീർന്നത് അങ്ങനെ, രമേശകൗമാരം.

ജോലിക്കാരനായതിൻശേഷവും അത് തന്നെ പതിവ്. ഓഫീസ് വിട്ടാൽ വീട്. വീട് വിട്ടാൽ ഓഫീസ്,

രമേശൻ ഓർക്കുന്നു-

'എല്ലാ കാലത്തും താൻ അമ്മയുടെ മകൻ, വഴക്ക്ദിനങ്ങളിൽ (അച്ഛനെ എരികേറ്റി അമ്മയ്ക്കിട്ട് രണ്ട് പൊട്ടിക്കണത് കാണാൻ മുൻശുണ്ഠിക്കാരനായ മൂത്തമ്മാവൻ – അമ്മാവന്റെ ഇരട്ടപ്പേരും ശുണ്ഠി എന്നാണ് ഇടയ്ക്കും, തലയ്ക്കും വീട്ടിൽ വരുന്നു.) അച്ഛൻതല്ലിനും, അമ്മാവൻ തല്ലിനും രമേശൻ ഒരു പരിച. അമ്മയുടെ സങ്കടം സഹിക്കാനേ ഒക്കില്ല. രമേശന് അമ്മയുടെ സന്തോഷവും സഹിക്കാനാവില്ല. രണ്ടായാലും കരഞ്ഞുപോകും, രമേശൻ. രമേശൻ അമ്മയുടെ പുന്നാരസങ്കടക്കുട്ടി. ഇപ്പോഴിപ്പോൾ തനി സങ്കടപ്പുരുഷൻ'

സ്വന്തമായി പറമ്പ്, വീട് ഒറ്റ അവകാശി രമേശൻ മാത്രം; എന്നിട്ടും വിധവയും, വൃദ്ധയുമായ അമ്മ അത്രതന്നെ ദുർബല ആയ പാറുവമ്മയെ നോക്കാനേൽപ്പിച്ച് അകലെ നാട്ടിൽ വാടകയ്ക്ക് താമസിക്കുന്നു രമേശൻ. എന്തിന് വേണ്ടി?

രമേശന്റെ തോന്നിവാസം, അല്ലാതെന്താ എന്ന് നാട്ടുകാർ, ലാളിച്ച് ലാളിച്ച് ചെക്കനെ വഷളാക്കിയതോണ്ടാണെന്ന് ബന്ധുക്കൾ. ചൊല്ലുവിളിക്ക് വളർത്തയ്കയാലെന്ന് രമേശനെ അറിയുന്ന – ഈ അറിവ് ബാഹ്യമാണേ – സ്ത്രീജനം

ഉള്ളിലസഹ്യം, അസാരം വിഷമം ഉണ്ടെങ്കിലും ഇത്തരം ചൊടിവാക്കുകൾ ശ്രദ്ധിക്കാൻ പോയില്ല, രമേശൻ. 'ഒരു കാതിലൂടെ കടന്ന് മറുകാതിലൂടെ പോകട്ടെ,
ാതിരി വിഷവാക്കുകൾ'– രമേശൻ വിചാരിച്ചു. വിമർശനങ്ങളിൽ വിഷമമില്ല, രമേശന്. പക്ഷേ; കാര്യമറിയാതെ ഓരോന്നിങ്ങനെ പറഞ്ഞുവിടാമോ? പ്രത്യേകിച്ച് രമേശന്റെ ഉള്ള് മുഴുവൻ അമ്മ, അമ്മയെന്നവികാരം നിറഞ്ഞ് കവിയുകയാണനുനിമിഷം എന്ന് മനസ്സിലാക്കാതെ?!

രമേശന്റെ പരേതനായിപ്പോയ അച്ഛൻ തികഞ്ഞ അന്ധവിശ്വാസി. കരിംപൂച്ച കുറുകെ ചാടിയാൽ മാത്രമല്ല; തലമീതെ കാക്ക കരഞ്ഞാൽ, (പിതൃക്കൾ നൽകുന്ന ആപത് സൂചനയാണത്രെ, ഇത്!) കാഴ്ചവട്ടത്ത് കിളിതൂറിയാൽ, ഒറ്റ മൈന കണ്ണിൽപെട്ടാൽ, കറുത്തുള്ളാളുകളെ കണ്ടാൽ യാത്രകൾ വേണ്ടെന്ന് വെയ്ക്കുന്ന സ്വഭാവക്കാരൻ, രമേശന്റെ പിതാവ്, രമേശന്റെ അച്ഛൻ കല്ല്യാണ ബ്രോക്കർ, പക്ഷേ; കരിമ്പൂച്ച, തല മീതെകാക്കക്കരച്ചിൽ, ഒറ്റമൈന, മനുഷ്യരുടെ കാഴ്ചവട്ടം തൂറുന്ന കിളികൾ, കറുത്തുള്ളാളുകൾ ഇവകളൊഴി ഞ്ഞനേരം കമ്മി ആയതിനാൽ വളരെ വളരെ വിരളം, രമേശന്റെ അച്ഛന്റെ ബ്രോക്കറുദ്യോഗം ഇനി ഒരു വിവാഹമെങ്ങാനും നടത്തിയാലോ; കണക്കും പറഞ്ഞ് കാശെണ്ണിവാങ്ങുന്നത് ഇഷ്ടമല്ല, രമേശപിതാവിന്! നിസ്സാരകളിയല്ല, കല്ല്യാണം. മണ്ണിൽവെച്ചാകപ്പാടെ നടക്കണ സ്വർഗ്ഗീയപരിമളമുള്ള ശുഭകർമ്മമാണ്. മനുഷ്യവംശത്തെ ഭൂമിയിൽ നിലനിർത്തുവാനുതക്കുന്ന ഏറ്റവും വലിയ ഈശ്വരകടാക്ഷം. അതിന് വില പേശുകയോ? പാടില്ല. അവർ ഇഷ്ടമുള്ളത് തരട്ടെ! അത് ഇരുകൈയും നീട്ടിവാങ്ങുക. ഇനി ഒന്നും തന്നില്ലെങ്കിലും സാരമില്ല. എല്ലാം, ഈശ്വരനിശ്ചയം. ഒരു ശുഭകർമ്മത്തിന് നാന്ദി കുറിക്കാനൊത്തില്ലേ? സമാധാനിക്കുക. അന്തിമമായി രമേശന്റെ അച്ഛൻ പാടിയുറപ്പിക്കുന്നു–

"കർമ്മം ചെയ്യുക നമ്മുടെ ലക്ഷ്യം;
കർമ്മഫലം തരുവതീശ്വരനല്ലോ!"

'അക്രമം ആയി' രമേശന്റെ അമ്മ വീടിന്റെ പിന്നാമ്പുറത്തിരുന്ന് വാവിട്ട് നിലവിളിച്ചു. അമ്മയോടൊപ്പം കുത്തിയിരുന്ന് രമേശനും കരഞ്ഞു. 'ഈശ്വരന്റെ കർമ്മഫലം ഇത്രയും ക്രൂരമോ?'

– കരച്ചിലിനിടെ കുഞ്ഞുരമേശൻ കുഞ്ഞുതല കൊണ്ടാലോചിച്ചു.

രമേശന്റെ അമ്മ കരച്ചിൽ നിർത്തി. ഇങ്ങനെ ഇരുന്ന് കരഞ്ഞിട്ടെന്ത് കാര്യം? രമേശനെ പഠിപ്പിക്കണ്ടേ? പഠിപ്പിച്ച് വലിയ ആളാക്കണ്ടേ? വെറുതെ ഇരുന്ന് കരഞ്ഞാൽ കാര്യം നടക്കുമോ? 'ശരിയാവില്ല, എന്തെങ്കിലും ചെയ്യണം' – രമേശന്റെ അമ്മ നിശ്ചയം കൊണ്ടു അറിയാവുന്ന എല്ലാ ദൈവങ്ങൾക്കും വഴിപാടും പ്രാർത്ഥനയും നേർന്നു. രമേശന്റെ നല്ല ഭാവിക്ക് വേണ്ടി രമേശന്റെ അമ്മ ഒരുമ്പെട്ട് പണി തേടിയിറങ്ങി. വീട്ടുവേല ഒഴിച്ച് മറ്റെന്ത് പണിയും ചെയ്യാം. വീട്ടുവേലക്കാരിയാവുകയെന്നത് വളരെ വളരെ അപകടം പിടിച്ച പണിയാണ്. വലിയ വലിയ വീടുകളിലെ ആളുകൾ മനുഷ്യപ്പറ്റ് കുറവുള്ളവരായിട്ടാണ്, കേട്ടിട്ടുള്ളത്. പണിക്കൊട്ട് കുറവുണ്ടാവില്ലതാനും; ഇപ്പോൾ, വീട്ടുപണിക്കിടയ്ക്ക് ധൃതിയിൽ വന്നു കയറുന്നു, വീട്ടുടമസ്ഥൻ രമേശന്റെ അമ്മ തിരക്കിട്ട അടുക്കളപ്പണിയിലാണ്. ഇല്ലെങ്കിൽ അകം വൃത്തിയാക്കുകയാണ്. ഇല്ലെങ്കിൽ വീടിനുള്ളിൽ മറ്റെന്തെങ്കിലും അത്യാവശ്യപണി ചെയ്യുകയാണ്.

വീട്ടുടമസ്ഥൻ മിക്കവാറും മനുഷ്യപ്പറ്റില്ലാത്ത മനുഷ്യൻ. പിൻവാതിലും, മുൻവാതിലും കുറ്റിയിട്ട് ഭദ്രമാക്കുന്നു. പിന്നെ, രമേശന്റെ അമ്മയെ കടന്നുപിടിക്കുന്നു. അപ്പോൾ, രമേശന്റെ അമ്മ എന്ത് ചെയ്യും? എന്തിലും, വലുത് മാനമല്ലേ? അപ്പോൾ, രമേശന്റെ അമ്മ എന്ത് ചെയ്യും? എന്തിലും, വലുത് മാനമല്ലേ? അപ്പോൾ രമേശന്റെ അമ്മ എന്താണ് ചെയ്യേണ്ടത്? കൈയിൽ കിട്ടിയതെടുത്ത് മനുഷ്യപ്പറ്റില്ലാത്ത വീട്ടുടമയെ തല്ലി രക്ഷപ്പെട്ടോടാൻ നോക്കണം. മാനരക്ഷ

വെച്ചുള്ളതല്ലായതിനാൽ മിക്കവാറും വീട്ടുടമ ചാവും. ഇനി മരിച്ചില്ലായെങ്കിൽ മനുഷ്യപ്പറ്റില്ലാത്ത വീട്ടുടമ രമേശന്റെ അമ്മക്കെതിരെ കള്ളക്കേസ് കൊടുക്കും. രണ്ടായാലും, രമേശന്റെ അമ്മ കോടതി കയറേണ്ടിവരും. ജയിലിൽ പാർക്കേണ്ടിവരും. അങ്ങനെവന്നാൽ രമേശനെ ആര് നോക്കും? അവനെ പഠിപ്പിച്ച് വലിയ ആളാക്കണ്ടേ? അതാര് ചെയ്യും?

അത്കൊണ്ട്, വീട്ടുവേലമാനാഭിമാനമുള്ള സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതല്ല. അപ്പോൾ, വീട്ടുവേല ഒഴിച്ചുള്ള എന്ത് പണിയും ചെയ്യാൻ രമേശന്റെ അമ്മ തയ്യാർ. കാര്യമായ വിദ്യാഭ്യാസം ഇല്ലായ്കയാൽ കഠിനാദ്ധ്വാനം ഉള്ള പണികൾ ചെയ്യേണ്ടിവരും. സാരമില്ല, മാനാഭിമാനം നഷ്ടപ്പെടുന്നതൊഴിച്ചുള്ള എന്ത് പണിയും ചെയ്യാൻ രമേശന്റെ അമ്മ തയ്യാർ. വെറുതെയല്ല; രമേശനെ വളർത്തണ്ടേ? പഠിപ്പിക്കണ്ടേ? പഠിപ്പിച്ച് വലിയ ആളാക്കണ്ടേ?

പണികഴിഞ്ഞ് വരുമ്പോൾ മിക്കവാറും രാത്രിയാകും. അപ്പോൾ, രാത്രി വിളക്കിനെ സന്ധ്യാവിളക്കാക്കി നാമം ചൊല്ലി രമേശന്റെ അമ്മ രമേശനെ ഓർമ്മിപ്പിക്കുന്നു.

"ഞാനീ കഷ്ടപ്പെടണതൊക്കെ നെനക്ക് വേണ്ട്യാ, മോനേ! നെന്റെ നല്ല ഭാവിക്ക് വേണ്ടി. നെന്റെ അച്ഛനെ നോക്കി ഇരുന്നാൽ ഒരു കാര്യോം നേരാവുംന്ന് തോന്ന്ണില്ല, എനിക്ക്! വേനലും, വർഷവും ഒഴിഞ്ഞിട്ട് വേണല്ലോ; നെന്റച്ഛന് ബ്രോക്കറ് പണിചെയ്യാൻ! കഷ്ടകാലത്തിനെങ്ങാനും ഒരു കല്ല്യാണം നടന്നാൽ, കാശും വാങ്ങിക്കില്ല, നെന്റച്ഛൻ. അതോണ്ട്, രമേശൻമോൻ നല്ലോണം പഠിക്കണംട്ട്വോ. നീ വലിയ ഒരാളായിട്ട് വേണം അമ്മയ്ക്ക് സമാധാനായിട്ടൊന്ന് ജീവിക്കാൻ. വെറും ജീവിതല്ല; മഹാറാണിയെപോലുള്ള ജീവിതം!"

രമേശന്റെ അമ്മ ഇരുകൈകളും രമേശന്റെ ചുമലിലൂന്നി കുലുക്കി. രമേശൻ അമ്മയുടെ മാറിൻ ചൂടിൽ കുരുവിക്കുഞ്ഞിനെപോൽ അമർന്നിരുന്നു.

അതുക്കൊണ്ടെന്താ? അമ്മ പറയുന്നതിനപ്പുറം ഒരു വാക്കുരുവിടില്ല, രമേശൻ! രമേശന്റെ ഊണും, ഉറക്കവും അമ്മയുടെ നിശ്ചയം. സ്കൂൾ വിട്ടാൽ വീട്. വീട് വിട്ടാൽ സ്കൂള് കൂട്ടുകാരാരാരുമില്ല, രമേശന്. കൂട്ടുകാരികൾ അശേഷവും ഇല്ല. അതുക്കൊണ്ട്, കൂട്ട് കൂടിയാലുണ്ടാകുന്ന ദു:സ്വഭാവങ്ങളില്ല. എന്തിന്, കുഴപ്പം പിടിച്ച സൽസ്വഭാവം പോലുമില്ല, രമേശന്. അതിനാൽ, ടീച്ചർമാരേവരുടേയും ഇഷ്ടക്കുട്ടി, രമേശൻ!

രമേശനുവേണ്ടി, രമേശന്റെ നല്ല ഭാവിക്കുവേണ്ടി കൂലിക്കൂടുതൽ കിട്ടുന്ന പണിക്കിറങ്ങി, രമേശന്റെ അമ്മ. വാർക്കപ്പണി. ശീലമില്ലാത്തപണി ആകയാൽ ആദ്യമാദ്യം കൈയിന്റെ തൊലി ഒക്കെപോയി രമേശന്റെ അമ്മ ഉച്ചത്തിൽ നിലവിളിച്ചുപോയി. ക്രമേണ എല്ലാം ശരിയായി. മറ്റു പണിക്കാരി പ്പെണ്ണുങ്ങളെപോലെ ചായ, കടിപലഹാരങ്ങൾ ഒന്നും കഴിക്കില്ല, രമേശന്റെ അമ്മ, രമേശന്റെ നല്ല ഭാവിക്ക് വേണ്ടി ആതുകയും അവർ നീക്കിവെച്ചു. മറ്റ് പണിക്കാരിപ്പെണ്ണുങ്ങൾ ചായ കുടിക്കുന്നേരം പച്ചവെള്ളം കുടിച്ചു ദാഹമാറ്റി രമേശന്റെ അമ്മ.

"രമേശന്റമ്മേ, ഇങ്ങനെ കാശ് പിശുക്കി പണി ചെയ്താ, അവസാനം ക്ഷയം പിടിക്കുംട്ടാ!

കൂട്ടുപണിക്കാരികൾ ഉപദേശിച്ചു. സ്വന്തം പേരിനേക്കാൾ രമേശന്റെ അമ്മ, 'രമേശന്റെ അമ്മ എന്ന് വിളിക്കപ്പെടാൻ ആഗ്രഹിക്കുന്നതിനാൽ മറ്റ് പണിക്കാരിപ്പെണ്ണുങ്ങൾ രമേശന്റെ അമ്മേ എന്നേ അവരേ സംബോധന ചെയ്യാറുള്ളൂ. അതുകൊണ്ടവർക്ക് ഗുണവുമുണ്ട്. ചിലപ്പോൾ രണ്ടും മൂന്നും ആളുകളുടെ പണി ചെയ്യും രമേശന്റെ അമ്മ. ആ സമയത്ത് അൽപ്പസ്വൽപ്പവും. അതിലേറെയും മടിച്ചിക്കോതകളായ പണിക്കാരിപ്പെണ്ണുങ്ങൾക്ക് വിശ്രമിക്കുകയോ, രസവർ ത്തമാനങ്ങൾ പറയുകയോ ആവാം.

രമേശന്റെ അമ്മയ്ക്ക് വെറുതെ നിൽക്കുന്നത് ഇഷ്ടമല്ല. 'ഉർവ്വശീശാപം ഉപകാരം' മറ്റ് പണിക്കാരിപ്പെണ്ണുങ്ങൾ കൊഞ്ചിക്കൊഴയൽ നന്നേ കമ്മി ആയതുകൊണ്ട് ആണുങ്ങൾക്ക് തീരെ ഇഷ്ടമല്ല, രമേശന്റെ അമ്മയെ; പിന്നെ, നന്നായി പണിയെടുക്കുന്ന പ്രകൃതക്കാരി

ആയതിനാൽ മറുത്തൊരക്ഷരം പറയാറില്ല, അവർ എന്നുമാത്രം. കാരണം കോൺട്രാക്ടേഴ്സിന്റെ ഇഷ്ടപാത്രമാണ്. രമേശന്റെ അമ്മ ഒന്നും പറഞ്ഞുകൊടുക്കണ്ട. എല്ലാം കണ്ടറിഞ്ഞ് വേണ്ടപോലെ ചെയ്യും. രമേശന്റെ അമ്മ കോൺട്രാക്ടർമാർ കണ്ടറിഞ്ഞ് കൂടുതൽ കാശും കൊടുക്കും, രമേശന്റെ അമ്മയ്ക്ക്!

പേർദോഷം വീഴാതിരിക്കാൻഅധികം പണം പണിക്കാരികൾക്കും, തനിക്കുമിടയിൽ വീതം വെയ്ക്കും രമേശന്റെ അമ്മ. അതുകൊണ്ട്, കൂടെയുള്ള പണിക്കാരിപ്പെണ്ണുങ്ങൾക്ക് ഇഷ്ടഭാജനം രമേശന്റെ അമ്മ. കൊഞ്ചിക്കൊഴയൽ തീരെ ഇഷ്ടമല്ലാത്തതിനാൽ ആൺപണി ക്കാർക്കേ പിടിക്കായ്കയുള്ളൂ. പിന്നെ, എല്ലാ പണിക്കാരിപ്പെണ്ണുങ്ങളും രമേശന്റെ അമ്മയ്ക്ക് സപ്പോർട്ടായതിനാൽ അവർ രമേശന്റെ അമ്മയോട് 'ചൊറിയാനും' നിൽക്കാറില്ല!

രമേശന്റെ അമ്മ കിട്ടുന്ന കൂലി മുഴുവൻ രമേശന്റെ അച്ഛനെ ഏൽപ്പിക്കും. എന്തൊക്കെ ചെയ്യണം, ചെയ്യണ്ട എന്ന നിർദ്ദേശത്തോടെ ശകുനപ്പിഴ അസാരം കാൺകയാൽ ബ്രോക്കറുദ്യോഗം-വരുമാനശൂന്യൻ രമേശന്റെ അച്ഛൻ. എന്നുവെച്ച് ഉള്ളിലേക്കെന്തെങ്കിലും ചെല്ലണ്ടേ? നാണം മറയ്ക്കാൻ തുണി വേണ്ടേ? രമേശനെ പഠിപ്പിക്കണ്ടേ? ഭൂമി കുറച്ചൊക്കെ ഉണ്ടെങ്കിലും ഏറെക്കുറെ തരിശാകയാൽ ഉപയോഗശൂന്യമായി കിടക്കയാണ്. അങ്ങനെ നോക്കുമ്പോൾ ശകുനപ്പിഴ കൂസാത്ത രമേശന്റെ അമ്മ തന്നെ രമേശന്റെ അച്ഛനും ശരണം. ആ ഓർമ്മയിൽ രമേശന്റെ അമ്മയുടെ നിർദ്ദേശാനുസരണം ഏറെക്കുറെ അവർ നൽകുന്ന പണം ചെലവഴിക്കുന്നവൻ രമേശപിതാവ്. മറ്റ് പ്രകാരത്തിൽ യാതൊരു ആശയവിനിമയവും രമേശന്റെ അമ്മയും, അച്ഛനും തമ്മിലില്ല. ദിവസക്കൂലി നിത്യവും രമേശന്റെ അമ്മ രമേശന്റെ അച്ഛന്റെ കൈയിൽ നിക്ഷേപിക്കും. ചെയ്യേണ്ടതായ ദൈനം ദിനകാര്യങ്ങൾ നിർദ്ദേശിക്കും. തലചൊറിഞ്ഞ് വിദൂരത്തേയ്ക്ക് നോക്കിനില്ക്കും രമേശന്റെ അച്ഛൻ.

"രമേശാ. അച്ഛന്റേല് കാശ് കൊടുത്തിട്ടുണ്ട്. വേണ്ടപോലെ വാങ്ങി ചെലവഴിച്ചോളോ നെന്റച്ഛൻ 'ഒരന്തംകമ്മി' ആണെന്ന് മോനറിയാലോ!"

അമ്മ ഉപദേശിക്കും. രമേശൻ അതനുസരിച്ച് പ്രവർത്തിക്കും. ഈ ഘടനയിൽ അല്ലറചില്ലറ മാറ്റം വരുന്നത് വല്ലപ്പോഴും മൂക്കത്ത് ശുണ്ഠിയുള്ള മൂത്തമ്മാവൻ വന്നു കേറുമ്പോൾ! അദ്ദേഹത്തിന്റെ വിളിപ്പേരും ശുണ്ഠി എന്നുതന്നെ. അന്ന് വീട്ടിൽ വാക്കുതർക്കം, വഴക്ക്. മൂത്തമ്മാവൻ ഓരോന്നും പറഞ്ഞ് എരികേറ്റും രമേശന്റെ അച്ഛനെ ആ ഊറ്റത്തിൽ അമ്മയുമായി കൊമ്പുകോർക്കും, രമേശന്റെ അച്ഛൻ. രമേശൻ നടുക്ക് പരിചയായി നിന്ന് അച്ഛന്റേയും, മൂത്തമ്മാവന്റേയും തല്ലിന് തടയാകും. കലാപരിപാടകളെല്ലാം കഴിയുമ്പോൾ അമ്മ എണ്ണയിട്ട് രമേശന്റെ ശരീരം നല്ലവണ്ണം ഉഴിഞ്ഞെടുക്കും. രമേശൻ അപ്പോൾ എല്ലാ വേദനയും മറക്കും?

പിന്നെ, അമ്മയെന്ന ഓർമ്മയിൽ കളിസമയം പോലും മാറ്റിവെച്ച് കുത്തിയിരുന്ന് പഠിക്കും, രമേശൻ! 'എന്റെ മോൻ, എന്റെ മോൻ' എന്ന വിചാരത്തിൽ അമ്മ കഠിനവേല ചെയ്യണത് രമേശൻ അറിയുന്നുണ്ട്. അതിനാൽ, കളിതമാശകളെല്ലാം ഒഴിവാക്കി ക്ലാസ്സിലെ, സ്കൂളിലെ ഏറ്റവും വലിയ 'പഠിപ്പിസ്റ്റ്' രമേശൻ. പാഠപുസ്തകങ്ങൾ ഒരുവാക്ക് വിടാതെ കരണ്ട് തിന്നുന്നതിനാൽ എല്ലാ ടീച്ചർമാരുടേയും പ്രിയക്കുട്ടി, രമേശൻ!

രമേശനെ കണ്ടുപഠിക്കുവാൻ, മാതൃകയാക്കി ജീവിക്കാൻ ആൺ പെൺ ഭേദമെന്യേ എല്ലാ കുട്ടികളോടും ടീച്ചർമാരുടെ നിതാന്തോപദേശം!

അങ്ങനെയുള്ള രമേശൻ അമ്മയെ വയസ്സ്കാലത്ത് വീട്ടിൽ തനിച്ചാക്കി വിദൂരദേശത്ത് വാടകവീടെടുത്ത് താമസിക്കുന്നു. (സമപ്രായക്കാരിയായ പാറുവമ്മയെ സഹായത്തിന് നിർത്തിയിട്ടുണ്ടെന്നത്, നേര്! പക്ഷേ; പാറുവമ്മയുടെ പ്രകൃതം കണ്ടാൽ രമേശന്റെ അമ്മ

പാറുവമ്മയെ സഹായിക്കണമെന്നമട്ടാണ്. വയസ്സായില്ലേ; പാവങ്ങൾ;) സത്സ്വഭാവിയും, മിടുക്കനും ആയിരുന്ന രമേശന്; തങ്ങളുടെ പ്രിയങ്കരനായ പൂർവ്വവിദ്യാർത്ഥിക്ക് എന്ത് പറ്റിയെന്ന് രമേശന്റെ ടീച്ചർമാർ മൂക്കത്ത് വിരൽ വെച്ച് ചോദിക്കുന്നു.

"എത്ര നല്ല കുട്ട്യാരുന്നു. വലുതായപ്പൊ, എന്താ, പറ്റ്യേ ആവോ?!"

എല്ലാം കേട്ടറിഞ്ഞ് രമേശൻ സങ്കടത്തിലായി. കാരണം, രമേശൻ അമ്മയെ സർവ്വതിലുമധികം സ്നേഹിക്കുന്നു. വിവാഹം ചെയ്യാത്തത് പോലും അമ്മയോടുള്ള സ്നേഹക്കൂടുതൽ കൊണ്ടാണ്. രമേശൻ വെറും നിലത്ത് കമിഴ്ന്നടിച്ചുകിടന്നു. രമേശന് ഓർമ്മകൾപനിച്ചു.

രമേശന് ജോലി കിട്ടും മുൻപെ രമേശന്റെ അച്ഛൻ മരിച്ചു. (മനസ്സാൽ, രക്ഷപ്പെട്ടില്ലേ അമ്മേയെന്ന് രമേശൻ;) രമേശന്റെ അമ്മ പക്ഷേ; നിലംപറ്റി പൊട്ടിപ്പൊട്ടിക്കരഞ്ഞു. രാഗതാളമറ്റൊരു പ്രാകൃതക്കരച്ചിൽ. നിറുത്തലില്ലാക്കരച്ചിൽ അച്ഛൻ ജീവിച്ചിരുന്നകാലത്ത് അമ്മയും, അച്ഛനും തമ്മിൽ കാര്യമായെന്തെങ്കിലും സംസാരിക്കുന്നത്; പ്രത്യേകിച്ച് സ്നേഹസംസാരം രമേശൻ കണ്ടിട്ടില്ല. ഏറിയാൽ–

'അച്ഛീണ്ടോ, അവിടെ രമേശൻകുട്ടാ" എന്നൊരന്വേഷണം അതും വളരെ ചുരുക്കം

എന്നാലോ – 'ഇങ്ങനെ ഒരു മന്ദബുദ്ധി മനുഷ്യൻ ന്റെ തലേല് വീണൂലോ' എന്നും പറഞ്ഞ് പരിതപിക്കുന്നത് എത്രയോ തവണ കേട്ടിട്ടുണ്ട്?'അങ്ങനെയുള്ള അമ്മ, അങ്ങനെയുള്ള അച്ഛൻ മരിച്ചതിന് ഇത്രയും കരയേണ്ട ആവശ്യമുണ്ടോ?

രമേശൻ അത്ഭുതംകൂറി. യഥാർത്ഥത്തിൽ ഉള്ളാലെ പൊട്ടിച്ചിരിച്ച് വന്നുകൂടിയ ആളുകളെ കാണിക്കുവാൻ വേണ്ടി ഒന്നുകരഞ്ഞുകാട്ടുക അത്രയല്ലേ, വേണ്ടൂ. ഒരുപക്ഷേ; ഇനിയും ഒരവസരം കിട്ടില്ലായെന്നു നിരീക്ഷിച്ചാകാം! –

രമേശൻ ആശ്വാസം വിചാരിച്ചു. എന്നാൽ അച്ഛന്റെ ജഡം കുളിപ്പിച്ച് ചിതയിലേക്കെടുക്കും നേരം അമ്മ ഓടിവന്ന് രമേശന്റെ കാൽക്കൽ കെട്ടിപ്പിടിച്ച് 'കൊണ്ടുപോകല്ലേ; എന്നുംപറഞ്ഞ് അതിരൂക്ഷം പൊട്ടിക്കരഞ്ഞപ്പോൾ രമേശൻ അങ്കലാപ്പിലായി.

'ഇതമ്മയുടെ അഭിനയമല്ലാലോ:–

രമേശൻ സസങ്കടം നിരൂപിച്ചു. മൂത്തമ്മാവൻ വന്ന് മുടിക്കുത്ത് പിടിച്ച് വലിച്ചിഴച്ച് നീക്കം ചെയ്യും വരെ അമ്മ രമേശന്റെ കാൽ വിട്ടുമാറിയില്ല. രമേശൻ അപ്പോൾ മാത്രം വാവിട്ടു നിലവിളിച്ചു. അച്ഛനെ ചിതയിലേക്കെടുത്തു. ('കരഞ്ഞത് അച്ഛൻ മരിച്ച സങ്കടം കൊണ്ടല്ല. സത്യമായും അല്ല'. സ്മൃതിഭാരത്തിൽ രമേശൻ തല കുടഞ്ഞു.)

കാലം കുറെ കഴിഞ്ഞിട്ടും അച്ഛനെ ചിതയിലെടുക്കുന്നേരം തന്റെ കാൽ കെട്ടിപ്പിടിച്ച് അമ്മ കരഞ്ഞതെന്തിനെന്ന് രമേശന് മനസ്സിലായിട്ടില്ല. അത് കേവലം മരണവീട്ടിൽ നടക്കുന്ന അഭിനയക്കരച്ചിലായിരുന്നില്ല– കേവലം മരണവീട്ടിൽ നടക്കുന്ന അഭിനയക്കരച്ചിലായിരുന്നില്ല രമേശൻ വിചാരംപൂണ്ടു.

അമ്മയോടേറെ പ്രിയമുള്ള, അതുക്കൊണ്ട് മാത്രം അവിവാഹിതനായ് തുടരുന്ന (അമ്മയോടുള്ള സ്നേഹം പങ്കുവെയ്ക്കപ്പെടുന്നത് സഹിച്ചുകൂടാ,രമേശന്!) താനെന്തുക്കൊണ്ട് വയസ്സാംകാലത്ത് അമ്മയെ തനിച്ചാക്കി അകലെ വാടകവീടെടുത്ത് താമസിക്കുന്നു?

രമേശൻ ആത്മഗതപ്പെട്ടു–

'അതിന് തക്കതായ കാരണമുണ്ട്!'

'അമ്മയോട് തീരെ സ്നേഹല്ല്യ, ചെക്കന്. എന്തായീ പറയണത്, ഒന്നൂല്ല്യെങ്കി; പ്രായമായ അമ്മയാണെന്നെങ്കിലും ഓർക്കണ്ടേ?– അതും പറഞ്ഞ് മൂത്തമ്മാവൻ തല്ലാൻ വരികപോലുമുണ്ടായി. ആളൊരു 'ശുണ്ഠി' ആയതുക്കൊണ്ടുമാത്രം, അത് കൊണ്ടു മാത്രം തിരിച്ചൊന്നും ചെയ്തില്ല. ഇല്ലായിരുന്നെങ്കിൽ, ഇല്ലായിരുന്നെങ്കിൽ, ഇല്ലായിരുന്നെങ്കിൽ പോലീസിനെ

വിളിച്ചേനെ, താൻ:-

രമേശൻ ദേഷ്യം കടിച്ചിറക്കി. വല്ല വിധേനയും വാതിലടച്ച് രക്ഷപ്പെട്ടു.
ആവേള മനം വിങ്ങിപ്പൊട്ടി ഇവ്വിധം ആത്മഗതപ്പെടുകയും
'അമ്മയെ താനുപേക്ഷിച്ച് പോന്നതിന് തക്കതായ കാരണമുണ്ട്!'

രമേശൻ ഓർമ്മകളുടെ ചതുപ്പ് നിലത്തേയ്ക്ക് മുഖം പൂണ്ടുവീണു.

രമേശന് ജോലികിട്ടിയനാൾ. രമേശന്റെ അമ്മയ്ക്കന്ന് ആഹ്ളാദപൂത്തിരിനാൾ-താൻ കണ്ട സ്വപ്നങ്ങളെല്ലാം യാഥാർത്ഥ്യമാകുന്നു. 'ഇനി രാജ്ഞിയെപോൽ ജീവിക്കണം. തന്റെ എല്ലാ കഷ്ടപ്പാടുകൾക്കും അറുതി വന്നിരിക്കുന്നു. നാട്ടാരെല്ലാം ഇനി തന്റെ ഭാഗ്യം കണ്ട് അസൂയപ്പെടണം.'

രമേശൻ അപ്പോഴും അമ്മയുടെ ചെല്ലക്കുട്ടി. വീട് വിട്ടാൽ ഓഫീസ്. ഓഫീസ് വിട്ടാൽ വീട്. ഒരു ചായ പോലും പുറമെ നിന്ന് വാങ്ങിക്കുടിക്കില്ല. അമ്മയുടെ കഷ്ടപ്പാടിന്റെ വിലയാണ് തന്റെ ജോലി. അതുകൊണ്ട് തന്റെ വരുമാനം അമ്മയ്ക്ക് മാത്രം അവകാശപ്പെട്ടത്. അതിലൊരു ചില്ലിക്കാശ് പോലും പാഴാക്കിക്കളഞ്ഞുകൂടാ!

അങ്ങനെ, രമേശന്റെ ആദ്യ ശമ്പളം സമ്പൂർണ്ണം, അമ്മയുടെ കാൽക്കൽ! കൂടാതെ കൊള്ളപ്പലിശയ്ക്ക് ലോണെടുത്ത് ആപാദചൂഡം അണിയാൻ അമ്മയ്ക്ക് കനത്ത സ്വർണ്ണാഭരണങ്ങൾ അമ്മതന്നിഷ്ടപ്രകാരം തെരഞ്ഞെടുത്ത മുന്തിയ പട്ടുസാരികൾ.

ഇഷ്ടപ്പട്ടണിഞ്ഞ്, മൂർദ്ധാവിൽകുങ്കുമം വാരിപ്പൂശി, സർവ്വാഭരണവിഭൂഷിതയായ അമ്മയ്ക്കൊപ്പം രമേശൻ കുഗ്രാമക്ഷേത്രത്തിലേയ്ക്ക്!

"രമേശൻകുട്ടൻ നോക്കിക്കോ. ദേവി ഇന്നെന്റെ കൂടെ ഇറങ്ങിവരും!" രമേശന്റെ അമ്മ അടക്കാനാവാത്ത ആഹ്ളാദനിർവൃതിയിൽ പറഞ്ഞു.

"ദേവിയെ അമ്മ എടുത്തോ. എനിക്കെങ്ങുംവേണ്ട!"
- രമേശൻ കോമഡി ആക്കി ഹസിച്ചു
"മിണ്ടാണ്ടിരിക്ക് വെറുതെ ദേവീകോപം വരുത്തിവെയ്ക്കണ്ട!" - അമ്മ രമേശന്റെ വാപൊത്തി.
'അമ്മയുടെ സന്തോഷം തനിക്ക് മുഖ്യം!'
- രമേശൻ മൂകതപാലിച്ചു

പക്ഷേ...! ഓർമ്മയുടെ ആഘാതത്തിൽ ശിരസ്സ് കുടഞ്ഞു, രമേശൻ. ചെറിയക്ഷേത്രം രമേശനേയും, അമ്മയേയും കണ്ട മാത്ര ആകെ സ്തംഭിച്ച് ക്ഷേത്രം പൂജാരി, കീഴ്ശാന്തി, കഴകം, സോപാനം, പണിയില്ലാക്കോമരം. സർവ്വരും എന്തോ ഒരത്യാഹിതം നടന്നപോലെ, രമേശനും, അമ്മയും തൊഴാൻ വരുന്നേരം ശാന്തിക്കാരൻ അനാവശ്യമായി നടയടയ്ക്കുന്നു. കൂട്ടമണിയടിക്കുന്നു. കരവാളില്ലാതെ കോമരം ഉറഞ്ഞുതുള്ളുന്നു. കൂട്ടമണിയടിക്കുന്നു. കരവാളില്ലാതെ കോമരം ഉറഞ്ഞുതുള്ളുന്നു. കഴകക്കാർ മാലക്കെട്ട് നിർത്തിവെച്ച് മൂക്കത്ത് വിരൽ വെച്ച് മുറുമുറുക്കുന്നു. തൊഴാൻ വന്നവർ അയിത്തക്കാലത്തെന്നപോൽ അകന്നു മാറുന്നു. ഭക്തിനിർവൃതിയിൽ രമേശന്റെ അമ്മ ഒന്നും കാണുന്നില്ല. ഒന്നുമൊന്നും അറിയുന്നില്ല.

"ഇന്നുമുതൽ അമ്മ ശ്രീകോവിലിൽ ഉണ്ടാവില്ല. ഞാനിറങ്ങുന്നേരം ന്റെ കൂടെ എറങ്ങിവരും!"

അമ്മയുടെ ചുണ്ടുകൾ എണ്ണിപെറുക്കുന്നു. രമേശൻ കാതാലമ്മയുടെ ആത്മഗതംകേട്ടു. കണ്ണാൽ, ക്ഷേത്രത്തിനുള്ളിലെ പുകിലുകൾ കണ്ടു. പണ്ടേ, ദൈവവിശ്വാസം കമ്മിയാണ് രമേശന്. ദൈവം എന്നൊന്നുണ്ടെങ്കിൽ എന്തുക്കൊണ്ട് ചില മനുഷ്യർ ഒരു കാരണവുമില്ലാതെ കൂടുതൽ കഷ്ടപ്പെടുന്നു; ചില മനുഷ്യരെന്തുക്കൊണ്ട് കൂടുതൽ സുഖിക്കുന്നു എന്തെല്ലാം ചിന്തിച്ചുപോയിട്ടുണ്ട്, കുട്ടിക്കാലം തൊട്ടേ രമേശൻ. അമ്മയ്ക്ക് വിഷമം വേണ്ടായെന്ന

നിനവിന്റെ; ഈ വക ചിന്തകൾ ഉള്ളിലടക്കിപ്പിടിച്ച് കഴിയുകയായിരുന്നു, രമേശൻ. അമ്മയെ സങ്കടപ്പെടുത്താതിരിക്കുവാൻ രമേശൻ ദൈവവിശ്വാസം അഭിനയിച്ചു. അമ്മയുടെ സന്തോഷത്തിന് വേണ്ടി മാത്രമാണ് അമ്മയ്ക്കൊപ്പം ക്ഷേത്രദർശനത്തിന് രമേശൻ പുറപ്പെട്ടതും!

അമ്മ വലിയ സന്തോഷത്തിൽ വിസ്തരിച്ചു തൊഴുതോട്ടെ എന്നും നിനച്ച് രമേശൻ ക്ഷേത്രത്തിന് പുറത്തിറങ്ങിനിന്നു. തൽക്ഷണം ഒരു കുഞ്ഞുജനക്കൂട്ടം രൂപപ്പെട്ടു. രമേശനെ വളഞ്ഞു. അവരിൽ ഏറ്റം മുതിർന്ന കാരണവർ കൃത്യമായും കൃത്രിമഭാവത്തിൽ സസൗമ്യം പുറത്ത് തട്ടി ഉപദേശരൂപേണ എന്നാൽ താക്കീത് കലർന്ന ഗൗരവസ്വരത്തിൽ പറഞ്ഞുതുടങ്ങി–

"മോനേ, നിങ്ങളൊക്കെ വിദ്യാഭ്യാസം ഉള്ളവരാണ്. എന്നുവെച്ച് ചില മര്യാദകളൊക്കെ പാലിക്കണ്ടേ? ഇങ്ങനെ തോന്ന്യാസം കാണിക്കാവോ? അമ്മയ്ക്ക് ഓർമ്മപ്പെശകാവാം. വിവരോം, വിദ്യഭ്യാസോം ഒക്കെ ഉള്ള മോനെപോലുള്ളവർ ഇതനുവദിച്ചു കൊടുക്കാവോ?"

ഞാനെന്ത് ചെയ്തെന്നാ, നിങ്ങളീ പറയുന്നത്?" രമേശന് ദേഷ്യം കലശലായി വന്നു. ഏറെ കാലത്തിനുശേഷം അമ്മയേയും കൂട്ടി ക്ഷേത്രദർശനത്തിന് വന്നതാണ് ഇപ്പോൾ വലിയ അപരാധം!

ആൾക്കൂട്ടത്തിലെ ചെറുപ്പക്കാർ ഒന്നിളകി. കാരണവർ ബന്ധപ്പെട്ട് സംയമിച്ചു. രമേശന് നേർക്ക് ഉപദേശങ്ങളുടെ വെടിയുണ്ടകൾ വർഷിച്ചുക്കൊണ്ടിരുന്നു.

"മോനേ, ഭർത്താവ് ചത്ത സ്ത്രീകൾ - വിധവകൾ - ഇങ്ങനെ അണിഞ്ഞൊരുങ്ങി നടക്കാവോ? അതും, സാരമില്ലാന്നു വെയ്ക്കാരുന്നു. നെറുകേല് കുങ്കുമോം ഒക്കെ പൂശി അമ്പലത്തിലേയ്ക്ക്തന്നെ എന്തിന് കെട്ടിയെടുത്തു?! ഇപ്പൊ, ഭർത്താവുള്ള സ്ത്രീകളെന്നെ നെറുകയിൽ ഇത്രയ്ക്കും കുങ്കുമം വാരിപ്പൂശാറില്ല. ഇങ്ങിനൊക്കെ ചെയ്താല് ദേവീകോപം ണ്ടാവില്ലേ? ദേവി വരദായിനി മാത്രമല്ല; സംഹാരസ്വരൂപിണി കൂടിയാണ് അറി ഞ്ഞുകൂടെ?"

രമേശന് ചിരിവന്നു. 'ദേവിയും ഒരു സ്ത്രീയല്ലേ? തന്റെ ഭക്ത കൂടിയായ ഒരു സ്ത്രീയുടെ, അതും ഒരമ്മയുടെ മനം നിറഞ്ഞ ആഹ്ളാദം ഭഗവതിക്ക് അഹിതമെന്നോ? അപ്പോൾ, മനുഷ്യരുടന്തി ദേവിക്കും സ്ത്രീകളോട് കുശുമ്പും, കുന്നായ്മയുമുണ്ടെന്നാണോ പറഞ്ഞ് വരുന്നത്?'രമേശൻ തന്റെ വിചാരം മടികൂടാതെ അപ്പോൾ തന്നെ അവർക്കു മുമ്പിൽ തുറന്നു വെച്ചു.

കടുത്ത പ്രകടന ഭക്തിയുടെ വിഷം കണ്ഠത്തിൽ ചുമക്കുന്ന; അതിന്റെ വീര്യത്തിൽ സദാപത്തി നീർത്തി ജീവിക്കുന്ന ആ ആൾക്കൂട്ടത്തിന് രമേശന്റെ ചിന്തകളുടെ പൊരുൾ പിടികിട്ടിയില്ല.

ആ കൂട്ടത്തിലെ 'അന്തംകമ്മികളായ' ക്ഷുഭിതയൗവനങ്ങൾക്ക് അപ്പൊ, തല്ലണം രമേശനെ! കൂട്ടത്തിലെ മുതിർന്ന കാരണവരും, അത്രയൊന്നും മുതിർന്നിട്ടില്ലാത്ത കാരണ വൻമാരും അന്തംകമ്മി ക്ഷുഭിതയൗവനങ്ങളെ ബദ്ധപ്പെട്ടടക്കിനിർത്തി.

"സീനാക്കണ്ടാ. ഇവനേ, പഠിപ്പേറി വട്ടായി പോയതാ! നമുക്കിവന്റെ അമ്മാവനെ ചെന്നു കാണാം. അയാൾ ഇത്തിരി വകതിരിവുള്ള കൂട്ടത്തിലാ; ഒന്നൂല്ല്യെങ്കിലും, മുതിർന്ന ശാഖാ പ്രവർത്തകനല്ലേ? അതിന്റെ ഗുണംണ്ടാവും. എന്തായാലും, ഇവനെ പോലെ തലയ്ക്ക് 'നെല്ലിക്കാത്തളം' വെയ്ക്കേണ്ട, ഗതികേട്ണ്ടാവില്ല്യ:"

കുഞ്ഞ് ആൾക്കൂട്ടം രമേശനെ പിരിഞ്ഞുപോയി. സവിസ്തരം തൊഴുത് ക്ഷേത്രം ഭേദിച്ച് അമ്മ പുറത്ത് വന്നു. വഴിയിലുടനീളം അമ്മ സംസാരധൂർത്തയായി. രമേശനാകട്ടെ, മരണവീട്ടിലെ മൂകത കണ്ഠത്തിലേയ്ക്കാവഹിച്ചു. എല്ലാം മൂളിക്കേൾക്കുന്ന മൂങ്ങയായി! തൊട്ടുമുൻപെ കഴിഞ്ഞുപോയ തിക്ത സംഭവങ്ങൾ ബന്ധപ്പെട്ട് ഉള്ളടക്കി. അമ്മയുടെ

സന്തോഷം അതിനായി മാത്രം അമ്മയുടെ ആഹ്ളാദവായ്ത്താരികൾ ചെവിയ്ക്കുള്ളിൽ കുത്തിനിറച്ചു, രമേശൻ!

അമ്മയുടെ സന്തോഷം അത് മാത്രമായിരുന്നു, രമേശന് ജീവിതം. അമ്മയോടുള്ള സ്നേഹം പങ്കുവെയ്ക്കപ്പെടാതിരിക്കുവാൻ മാത്രം അവിവാഹിതൻ, രമേശൻ; അങ്ങനെയുള്ള രമേശൻ എന്തിന് അമ്മയെ വീട്ടിൽ തനിച്ചാക്കി അകലെ പോയ്പാർക്കുന്നു?

പഠിച്ചു പഠിച്ച് രമേശന് വട്ടായ് പോയതാണെന്ന്, നാട്ടുകാർ. കുട്ടിക്കാലം തൊട്ടേ രമേശൻ മൂകനായിരുന്നുവെന്നും, അത് പ്രാന്തിന്റെ ലക്ഷണമായിരുന്നില്ലേയെന്നും രമേശൻ കണ്ടമാനം ഇഷ്ടപ്പെട്ടിരുന്ന, രമേശനെ ഇഷ്ടപ്പെട്ടിരുന്ന പൂർവ്വാദ്ധ്യാപകർ പ്രാന്ത് പലേതരമുണ്ടെന്നും, അതിലൊരു തരം പ്രാന്താണ് രമേശനെന്നും, ഒന്നും രമേശന്റെ കുറ്റമല്ലായെന്നും അവർ ആശ്വസിക്കുന്നു. മറ്റുള്ളവരെ ആശ്വസിപ്പിക്കുന്നു. പ്രത്യേകിച്ചും, രമേശന്റെ അമ്മയൊഴിച്ചുള്ള ബന്ധുജനങ്ങളെ, സ്നേഹിതരെ!

“നെന്റെ അമ്മേനെ ഓർത്തുമാത്രമാണ്, ഇല്ലായിരുന്നെങ്കിൽ നെന്നെ പിടിച്ച് എന്നേ പ്രാന്തസ്പത്രീലാക്കിയേനെ,ഞാൻ?!”

– മൂക്കത്ത് ശുണ്ഠിയുള്ള ‘ശുണ്ഠി’ എന്നിരട്ടപ്പേരുള്ള മൂത്തമ്മാവൻ.

രമേശൻ പ്രതികരിച്ചില്ല. തനിച്ചായ നേരങ്ങളിൽ ഓർമ്മപുസ്തകത്തിലെ താളുകൾ വെറുതെ മറിച്ചുനോക്കി കിടക്കുക മാത്രം ചെയ്തുക്കൊണ്ടിരുന്നു

‘ഏറെ പുകിലാക്കിയ ക്ഷേത്രദർശനത്തിന്റെ പിറ്റെനാൾ വലിയ വഴക്ക്ഘോഷം കേട്ടാണ്. രമേശൻ വീടണയുന്നത്. (അമ്മ പറഞ്ഞപോലെ ഗ്രാമം വാഴുന്ന ദേവി അമ്മയുടെ കൂടെ വീടണഞ്ഞുവോ? തമാശയിലോർത്തു, രമേശൻ!) വിഷയം രമേശന്റെ അമ്മ അണിഞ്ഞൊരുങ്ങി ക്ഷേത്രദർശനം നടത്തിയെന്ന ഘോരാപരാധം. ഇനി മേലിൽ നീ പുറത്തിറങ്ങിപ്പോകരുത് എന്നൊരു അന്ത്യശാസനം കൂടി വന്നപ്പോൾ രമേശൻ ഇടപ്പെട്ടു–

‘അമ്മ പുറത്തിറങ്ങിയാലെന്താ? ലോകം ഇടിഞ്ഞുപൊളിഞ്ഞു വീഴുമോ?

മറുപടിയായി പൊടുന്നനെ രമേശന്റെ വലത് കവിളത്ത് ആഞ്ഞൊരു പ്രഹരം വന്നു പതിച്ചു. മൂത്തമ്മാവൻ കാർക്കിച്ചുതുപ്പി അട്ടഹസിച്ചു–

‘ഇനിയിവൾ പുറത്തിറങ്ങിയാൽ ഇതായിരിക്കും ഫലം?’

മൂത്തമ്മാവൻ ഒരു കൊടുങ്കാറ്റായി പുറത്തേയ്ക്കിറങ്ങിപ്പോയി.

അമ്മ പട്ടുസാരി അഴിച്ചുവെച്ചു. ആഭരണങ്ങളൂരി പെട്ടിയിലിട്ടുപൂട്ടി. കണ്ണാടി തിരിച്ചുതൂക്കി. രമേശന് അമ്മയുടെ മുഖത്ത് നോക്കുകവയ്യെന്നായി.

ചിരിക്കാത്ത അമ്മയുടെ മുഖം ദീനത വിളറിയ അമ്മയുടെ മുഖം. മ്ലാനത നിഴൽ വിഴുങ്ങിയ അമ്മയുടെ മുഖം. മൗനം ഇരുളടഞ്ഞ അമ്മയുടെ മുഖം

‘കാണുകവയ്യേ!’ – രമേശൻ നിരൂപിച്ചു. കുട്ടിക്കാലങ്ങളിലമ്മ പറയുന്നു–

“രമേശൻകുട്ടാ, നീ വളർന്ന് വല്ല്യ ഒരാളായിട്ടു വേണം എനിക്ക് ജീവിക്കാൻ. വെറും ജീവിതല്ല, ഒരു മഹാറാണീന്റെ ജീവിതം!”

രമേശൻ വളർന്നു. വലുതായി. സ്വന്തം കാലിൽ നീർന്നു നിൽക്കാനായി. എന്നിട്ടു അമ്മ ഒരു തടവുപുള്ളിയെപോലെ ജയിലായിത്തീർന്ന വീടിനുള്ളിൽ നിശ്ശബ്ദം സങ്കടം മുറു മുറുത്ത്....!

തനിക്കിനി അമ്മയെ അഭിമുഖീകരിക്കുക വയ്യെന്നുതന്നെ രമേശൻ തീർച്ചപ്പെടുത്തി. ദീനതയുടെ, വിഷാദത്തിന്റെ, ആഗ്രഹനിഷ്ഫലതകളുടെ നിരാശാക്കാർ മേഘം തിങ്ങിയ അമ്മവദനം ‘കാണുകവയ്യ! താൻ അമ്പേ പരാജയപ്പെട്ടിരിക്കുന്നു’

‘താനെന്തിന് മുതിർന്നു?’ – രമേശൻ സങ്കടപ്പെട്ടു. ചിന്താധൂമം തിങ്ങി രമേശന്റെ ഉള്ള്

ചുട്ടുപുകഞ്ഞു.

നിർവ്വികാരതയുടെ, നിശ്ശബ്ദതയുടെ ശവപ്പെട്ടിയിലടക്കം ചെയ്യപ്പെട്ട അമ്മ

രമേശൻ അമ്മയുടെ കാൽതൊട്ടു, പതുക്കെ പറഞ്ഞു–

'ഞാൻ പോകയാണമ്മേ. ദൂരേയ്ക്ക്, ദൂരേയ്ക്ക്....!

അമ്മ ഒരക്ഷരം ഉരിയാടിയില്ല

'എന്താ, മോനേ കാട്ടണേ? എന്ന് ചോദിച്ചുകൊണ്ട് പാറുവമ്മ വന്നപ്പോൾ മാത്രം അമ്മയുടെ കാൽവിട്ടു മാറി, രമേശൻ, പടിയിറങ്ങുമ്പോൾ ഇനി വരാനിടയുള്ള കുത്തുവാക്കുകളുടെ കടന്നൽ ദംശനം ഓർത്ത് രമേശൻ വിചാരിച്ചു

'ആരേയും ബോധിപ്പിക്കാൻ താൻ ഉദ്ദേശിക്കുന്നില്ല. എന്നാലും....'

അനാവശ്യമായ കുറ്റപ്പെടുത്തലുകളിലാണ് രമേശന് സങ്കടം. പ്രത്യേകിച്ച് അമ്മയെതാൻ സ്നേഹിക്കുന്നില്ലായെന്ന് ആരോപിക്കുമ്പോൾ; തന്നേക്കാൾ അമ്മയെ സ്നേഹിക്കുന്നവർ ആരുണ്ട്? എന്നിട്ടും, അടുത്ത് പരിചയമുള്ളവർ പോലും തന്നെ കുറ്റപ്പെടുത്തുമ്പോൾ; വയ്യാതാകുന്നു, രമേശന് ജീവിതം!

ഒന്നൊന്നായി ഓർത്തോർത്തെടുത്ത് രമേശൻ അന്ത്യപ്പെടുത്തി

'അച്ഛനെ ചിതയിലേക്കെടുക്കുമ്പോൾ അരുതേയെന്നും പറഞ്ഞ് തന്റെ കാൽ കെട്ടിപ്പിടിച്ചു കരയുന്ന അമ്മ. അതിന്റെ കാരണം ഇത്തിരി വൈകിയാണെങ്കിലും താൻ മനസ്സിലാക്കുന്നു. അച്ഛൻ ജീവനോടിരിക്കേണ്ടത് അമ്മയുടെ ആഗ്രഹസഫലീകരണമായിരുന്നു. അതുക്കൊണ്ടാണമ്മ അച്ഛന്റെ മൃതദേഹത്തെ എരിയിക്കരുതേയെന്നപേക്ഷിച്ചത്. അപ്പോൾ...!

രമേശന് തലയ്ക്കുള്ളിൽ പൊടുന്നനെ പൂനിലാവ് പരന്നപോലെ!

'ക്രൂരലോകമേ, എന്നെ യഥേഷ്ടം കുറ്റപ്പെടുത്തിക്കൊൾക. അമ്മയോടുള്ള സ്നേഹം ഒന്നുകൊണ്ട് മാത്രം അവിവാഹിതനായി കഴിയുന്നവനാണ്, താൻ. ഇപ്പോഴും താൻ അമ്മയെ പ്രാണനുപരി സ്നേഹിക്കുന്നു. പക്ഷേ; അമ്മയെ മഹാറാണിയെപോൽ പരിപാലിക്കുവാൻ എനിക്ക് ത്രാണിയില്ല. താൻ വെറും മനുഷ്യനാണ്.

മാനുഷത്വം മാത്രമുള്ള മനുഷ്യൻ!'

രമേശൻ സങ്കടങ്ങളുടെ ഓർമ്മപുസ്തകം എന്നെന്നേയ്ക്കുമായി അടച്ചുവെച്ചു. തനിക്കുള്ളിൽ മുനിഞ്ഞ് കത്തിക്കൊണ്ടിരുന്ന അന്യായകുറ്റബോധത്തിന്റെ കനൽത്തിരി ഊതിയണച്ചു. പകലിലും, രാവിലും തമോവെട്ടങ്ങളെ ഭയക്കാതെ, ശങ്കിക്കാതെ രമേശൻ ജീവിതം തുടർന്നു– 'തനിച്ച് അമ്മയോർമ്മകൾ താലോലിച്ച്!"

---

ബിനോയ് എം.ബി